# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

(28-02-2009 മുതൽ 06-03-2009 വരെ)

## കുഴൽപ്പണം തട്ടിയെടുക്കാനെത്തിയ ഗുണ്ടകൾ വലയിൽ

06-3-2009 പുലർച്ചെ ഞർളക്കടവ് ഭാഗത്ത് മാരകായുധങ്ങളുമായി കുഴൽപ്പണം തട്ടിയെടുക്കാനെത്തിയ ആറംഗ ഗുണ്ടാസംഘമായ പ്രദീപ്, ബിജു, തോമസ്, ഷമീർ, വിവേക്, അഭിലാഷ് എന്നിവരെ പട്രോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന ചാലക്കുടി പോലീസ് സാഹസികമായി പിടികൂടി.

(Cr. No.90/09 TSR Chalakkudy PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. K.P. Jose CI, Shri. Lal Kumar SI, PCs 4593, 4720, Dvr PC 5385

## 700 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു

03-3-2009 രാത്രി 8 മണിയോടുകൂടി മാംകുറിശ്ശി ഭാഗത്തുവച്ച് മോട്ടോർ സൈക്കിൾ യാത്രക്കാരനെ തട്ടിയിട്ടശേഷം നിർത്താതെ ഒറ്റപ്പാലം ഭാഗത്തേക്ക് പോയ ടാറ്റാ ഇന്റിക്ക കാറിനെ വാഹന പരിശോധന ഡ്യൂട്ടിയിൽ ഏർപ്പെട്ടിരുന്ന മങ്കര പോലീസ് പിന്തുടർന്ന് പിടികൂടി വിശദമായി പരിശോധിച്ചതിൽ കാറിനുള്ളിൽ ഒളിപ്പിച്ചുവച്ചിരുന്ന 700 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു.

(Cr. No. 76/09 PKD, Mankara PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. Radhakrishnan SI, HC 3433, DVR PC 5574

## 665 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു

06-3-2009 രാവിലെ 9.30 മണിയോടെ T.B ജംഗ്ഷൻ ഭാഗത്ത് മൂവാറ്റുപുഴ പോലീസ് വാഹന പരിശോധന നടത്തിവരവെ സംശയാസ്പദമായ രീതിയിൽ കണ്ട മഹാരാഷ്ട്ര രജിസ്ട്രേഷൻ ഒപൽ ആസ്ട്രാ കാറിനെ തടഞ്ഞുനിർത്തി വിശദമായി പരിശോധിച്ചതിൽ കാറിനുള്ളിൽ ഒളിപ്പിച്ചുവച്ചിരുന്ന 665 ലിറ്റർ സ്പിരിറ്റ് മൂവാറ്റുപുഴ പോലീസ് പിടിച്ചെടുത്തു.

(Cr. No. 349/09 EKM RL, Muvattupuzha PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. Vinod SI, Shri.Sunny ASI, Shri. Ayyappan ASI, GHC 7398, PC 8554

## രാജധാനി എക്സ്പ്രസ് അട്ടിമറിക്കാൻ ശ്രമം; ഒരാൾ അറസ്റ്റിൽ

06-3-2009 പുലർച്ചെ പരപ്പനങ്ങാടി റെയിൽവെ സ്റ്റേഷൻ പ്ലാറ്റ്ഫോമിനും ട്രാക്കിനുമിടയിൽ ഉപയോഗശൂന്യമായ ബഫറും പ്ലെയ്റ്റും നിരത്തി രാജധാനി എക്സ്പ്രസിനെ അട്ടിമറിക്കാൻ ശ്രമിച്ച തിരുവനന്തപുരം ചാല സ്വദേശി അബ്ദുൾ റഷീദിനെ റെയിൽവെ പോലീസ് പിന്തുടർന്ന് പിടികൂടി.

(Cr. No. 22/09 KKD Railway Police)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. K. Mohandas Inspector RPS, Sri Sasidharan SI, Sri Venu ASI, HC 625

## അനധികൃത റേഷനരി പിടികൂടി;ഒരാൾ അറസ്റ്റിൽ

രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കടയ്ക്കാവൂർ പോലീസ് സംഘം ഗോപൻ എന്നയാളുടെ ലോറിയിൽ കയറ്റിവച്ചിരുന്ന 350 ചാക്ക് റേഷനരിയും 2 ബാരൽ മണ്ണെണ്ണയും ലോറിയും ഉൾപ്പെടെ കസ്റ്റഡിയിലെടുത്തു.

(Cr. No. 87/09 TVM RL  Kadakavoor PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. Ashok Kumar CI, Shri. Shaji SI, GHC 9439, PCs 9140, 9507

## 1700 ചാക്ക് റേഷനരി പിടിച്ചെടുത്തു;2 പേർ അറസ്റ്റിൽ

06-3-2009 തീയതി 3.10 PM ന് വലിയതുറയിലെ സിവിൽ സപ്ലൈസിന്റെ ഗോഡൗണിൽ നിന്നും അനധികൃതമായി ലോറിയിൽ കടത്തിക്കൊണ്ടു പോവുകയായിരുന്ന അരിയും ഗോതമ്പും വലിയതുറ പോലീസ് പിൻതുടർന്ന് പിടികൂടി.

(Cr. No.  102/09 TVM City Valiyathura PS.)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. K.J Johnson SI, Shri. Mohammad khan Pro.SI, Sri. Vijayakumar ASI, HCs 9374, 7435, 8832.

## പിടികിട്ടാപ്പുള്ളി പിടിയിലായി

നിരവധി കേസ്സുകളിലെ പ്രതിയും പിടികിട്ടാപ്പുള്ളിയുമായ മോഹൻദാസിനെ (LP 48/05) 4/3/09 ന് രാവിലെ 9.30 ന് വിയ്യപുരം ജംഗ്ഷനിൽ നിന്നും ഹരിപ്പാട് പോലീസ് അറസ്റ്റ് ചെയ്തു.

( ALPY Harippad PS.)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ PCs 4789, 5043

## പടക്കനിർമ്മാണ സാമഗ്രികൾ പിടിച്ചെടുത്തു

04.3.2009 ന് അമ്പലവയൽ പോലീസ് നന്തൻകവല എന്ന സ്ഥലത്തുനിന്നും 118 ഡിറ്റനേറ്റർ, 2201 മീറ്റർ ഫ്യൂസ് വയർ, 96 കിലോഗ്രാം സോഡിയം നൈട്രേറ്റ് 250 കിലോഗ്രാം അമോണിയം നൈട്രേറ്റ്  എന്നിവ പിടിച്ചെടുത്തു.  മുഹമ്മദ്, ശേഖരൻ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

( Cr.Nos. 45/09, 46/09, 47/09 Wayanad Ambalavayal PS.)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Yousaf SI, HC 1098, PCs 1356, 1452, 1810, WPC 1698